File No.ADCEKM/4521/2022-RD3

അനുബന്ധം എച്ച് 4
അറിയിപ്പ്

മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് -2 ശ്രീ.ജിനോ സി ജോൺ 28.02.2018 മുതൽ 3 വർഷത്തേക്ക് ശൂന്യവേതനാവധിക്കായി അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷയിന്മേൽ തീരുമാനം ആവുന്നതിന് മുമ്പേ ടിയാൻ അവധിയിൽ പ്രവേശിച്ചിട്ടുള്ളതും, നിലവിൽ അവധിയിൽ തുടരുന്നതുമാണ്. ആയതിന് സർക്കാരിൽ നിന്നും അംഗീകാരം ലഭിക്കാത്തതിനാൽ അനധികൃതമായിട്ടുള്ളതിനാൽ ടിയാനെതിരെ നടപടി സ്വീകരിക്കാതിരിക്കുവാൻ കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് 7 ദിവസത്തിനകം ഈ ഓഫീസിൽ സമർപ്പിക്കുവാൻ ഈ ഓഫീസിലെ 30.12.2021 -ലെ ആർ.ഡി. 3 - 4110/2021 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടി കത്തിന് താങ്കളുടെ ഭാഗത്തു നിന്നും യാതൊരു പ്രതികരണവും നാളിതുവരെ ഉണ്ടായിട്ടില്ല. തുടർന്ന് കുറ്റപത്രവും കുറ്റാരോപണ പത്രികയും നേരിട്ട് നൽകുന്നതിന് വേണ്ടി ടിയാന്റെ വസതിയിൽ പോയെങ്കിലും ടിയാനെ നേരിട്ട് കാണുവാൻ കഴയാത്തതിനാൽ ടിയാളുടെ മാതാപിതാക്കൾക്ക് കുറ്റപത്രം നൽകിയെങ്കിലും ടിയാളുകൾ അത് നിരസിക്കുകയും തുടർന്ന് ടിയാന്റെ വസതിയിൽ സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ പതിപ്പിക്കുകയും ചെയ്തിരുന്നു. ആയതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം നിങ്ങൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് നിങ്ങളുടെ ലിഖിതമായ പ്രതിവാദ പത്രികയോ മറ്റ് വിശദീകരണമോ ലഭിക്കാത്തപക്ഷം നിങ്ങൾക്ക് യാതൊരു പ്രതിവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവയുടെ പകർപ്പുകൾ /കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണ രൂപം നിശ്ചിത സമയപരിധിക്കുള്ളിൽ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസിൽ നിന്നും ഓഫീസ് പ്രവർത്തന സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകിക്കൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്ക് വാങ്ങാവുന്നതാണ്.

പ്രോജക്ട് ഡയറക്ടർ
എറണാകുളം

സ്വീകർത്താവ് ജിനോ.സി.ജോൺ,ചിറപ്പാട്ട് ഹൗസ്, ഊരമന.പി.ഒ, എറണാകുളം ജില്ല, പിൻ-686730